"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിലെ അതിദരിദ്ര വിഭാഗത്തിൽപ്പെട്ട ശ്രീ. അബ്ദുൾ റഹ്മാൻ എന്നയാൾക്ക് ഓട്ടോറിക്ഷ വാങ്ങി നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2216/2025/LSGD തീയതി,തിരുവനന്തപുരം, 16-09-2025

---

പരാമർശം:-
1. കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15/03/2025-ലെ കത്ത്.
2. പള്ളിക്കര ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 15/02/2025-ലെ 16-ാം നമ്പർ തീരുമാനം.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 21/08/2025-ലെ 4.3 നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിൽ അതിദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ട ശ്രീ. അബ്ദുൾ റഹ്മാൻ, ബേക്കറീസ് അപ്പാർട്ട്മെന്റ്, പള്ളിക്കര എന്ന വ്യക്തി (ഇ.പി.ഇ.പി. നം. 23918) അർബുദ രോഗ ബാധിതനാണ്. ഈ വ്യക്തിയുടെ ഉപജീവനത്തിന് ഓട്ടോറിക്ഷ വാങ്ങി നൽകാൻ 2024-25 വർഷം ഗ്രാമപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇത് 2025-26-ൽ സ്പിൽഓവറായി തുടരുന്നുണ്ട്.

ഈ കുടുംബത്തിന് ഗുണഭോക്തൃ വിഹിതം കണ്ടെത്താനോ ബാങ്ക് വായ്പ ലഭ്യമാക്കാനോ കഴിയില്ല. അതിനാൽ ഈ ഗുണഭോക്താവിന് 100 ശതമാനം സബ്സിഡിയോടെ ഓട്ടോറിക്ഷ വാങ്ങി നൽകാൻ അനുമതി നല്കണമെന്ന് പരാമർശം (1) പ്രകാരം കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം പരാമർശം (3) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിച്ചു. ഗുണഭോക്താവ് അതിദരിദ്ര കുടുബാംഗവും, അർബുദരോഗിയുമാണെന്നതും കണക്കിലെടുത്ത് പ്രത്യേകാനുമതി നല്കി ഉത്തരവാകുന്നു. ഇൻഷ്വറൻസ് തുകയും, നികുതിയും ഗുണഭോക്താവിന് കണ്ടെത്താൻ

കഴിയില്ലെങ്കിൽ ഇതിനുള്ള തുക കൂടി ഒറ്റത്തവണത്തേക്ക് ഗുണഭോക്താവിന് നല്കാവുന്നതാണെന്നും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ജില്ലാ പ്ലാനിംഗ് ഓഫീസർ, കാസർഗോഡ് ജില്ല.

സെക്രട്ടറി, പള്ളിക്കര ഗ്രാമപഞ്ചായത്ത്, കാസർഗോഡ് ജില്ല.

ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Signed by
Viraj K
Date: 18-09-2025 10:38:09
സെക്ഷൻ ഓഫീസർ.